**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2997** **03-08-2021 - ൽ മറുപടിയ്ക്ക്**

**താറാവ് കർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പക്ഷിപ്പനി ബാധിച്ച് താറാവുകൾ നഷ്ടപ്പെടുന്ന കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും നല്ല ഇനം നാടൻ താറാവ് കുഞ്ഞുങ്ങളെ നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | പക്ഷിപ്പനി മൂലം മരണപ്പെട്ട പക്ഷികളുടെയും കള്ളിംഗ് നടപടി മൂലം നശിപ്പിച്ച പക്ഷികളുടെയും ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ.ഉ(സാധാ)നം 9/2021/എ എച്ച് ഡി പ്രകാരം ഉത്തരവായിരുന്നു. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും കൾ ചെയ്ത പക്ഷികൾക്കും രണ്ട് മാസത്തിലധികം പ്രായമായ പക്ഷി ഒന്നിന് 200 രൂപ, രണ്ട് മാസത്തിൽ താഴെയുള്ള പക്ഷി ഒന്നിന് 100 രൂപ എന്ന നിരക്കിലും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവ് നൽകിയിരുന്നു. രോഗപ്രതിരോധം, നഷ്ടപരിഹാരം എന്നീ ഇനത്തിൽ ആവശ്യമായ മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനു 08/01/2021 ന് ഉത്തരവ് നൽകി. നിലവിൽ ഈ ഇനത്തിൽ കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരം പൂർണമായും വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന പദ്ധതി ഇനത്തിൽ ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും എന്ന പദ്ധതിയുടെ കീഴിൽ ഉത്പാദന രീതിയിലുള്ള പരിപാടികൾ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി താറാവ് വളർത്തൽ പദ്ധതിക്ക് 49 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പത്ത് താറാവ് കുഞ്ഞുങ്ങളെ വളർത്താനായി നൽകുന്നതാണ് പദ്ധതി. ഒരു ഗുണഭോക്താവിന് 1200/- രൂപയുടെ സഹായം ലഭിക്കും. കൂടാതെ RKI പദ്ധതിയിലും നടപ്പ സാമ്പത്തിക വർഷം ഇതേ മാതൃകയിൽ താറാവ് വളർത്തൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിനായി 31.908 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ